No. 170/2024

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കര സഭയെ മേയിച്ചു ഭരിച്ച ശ്രേഷ്ഠ മഹാപുരോഹിതനും മലങ്കരനസ്രാണികളുടെ തലവനുമായിരുന്ന ഏഴാം മാർത്തോമ്മായുടെ 215-ാം ഓർമ്മപ്പെരുന്നാൾ 2024 ജൂലൈ 4, 5 തീയതികളിൽ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ സമുചിതമായി ആഘോഷിക്കുകയാണ്. ഇദ്ദേഹം വളരെ ചെറിയ കാലഘട്ടം മാത്രമേ ഭരണത്തിലിരുന്നുള്ളൂ എങ്കിലും 6-ാം മാർത്തോമ്മാ സഹിക്കേണ്ടിവന്ന പീഡനങ്ങളുടെ കാലത്ത് അദ്ദേഹത്തോടൊപ്പം സഭയെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തിയ മഹാരഥനായിരുന്നു. തന്റെ മുൻഗാമി ശേഖരിച്ചുവച്ചിരുന്ന 'വട്ടിപ്പണം' എന്ന സ്ഥിരനിധി സർക്കാരിൽ നിക്ഷേപിച്ചതും സ്മര്യപുരുഷനായിരുന്നു. ഈ പുണ്യ പിതാവിന്റെ ഓർമ്മ നിർവ്വഹിക്കുവാൻ സഭാമക്കളായ നമുക്ക് ഏവർക്കും കടമയുണ്ട്. 4-ാം തീയതി വൈകുന്നേരം 6 മണിക്ക് സന്ധ്യാ നമസ്കാരവും 5-ാം തീയതി രാവിലെ 7:30-ന് നമ്മുടെ മുഖ്യ കർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാനയും നടത്തപ്പെടുന്നതാണ്. ഏവരും നേർച്ച കാഴ്ചകളോടെ പെരുന്നാൾ ചടങ്ങുകളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ജൂൺ മാസം 26 -ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.